# കണ്ണുകൊണ്ടു സംസാരിക്കാൻ നേത്രവാദ്; കണ്ടെത്തലുമായി അമൃതയിലെ ഗവേഷകർ

**കരുനാഗപ്പള്ളി ▸** കണ്ണിന്റെ ചലനങ്ങൾ ഉപയോഗിച്ച് ആശയവിനിമയം സാധ്യമാക്കുന്ന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്ത് അമൃത വിശ്വവിദ്യാപീഠം അമൃതപുരി കാംപസിലെ ഗവേഷകർ. അമൃതപുരി കാംപസിൽ പ്രവർത്തിക്കുന്ന ഹ്യൂമാനിറ്റേറിയൻ ടെക്നോളജി ലാബ്സിലെ (ഹട്ട് ലാബ്സ്) ഡോ. രാജേഷ് കണ്ണൻ മേഘലിംഗത്തിന്റെ നേതൃത്വത്തിലാണ് നേത്രവാദ് എന്ന് പേരിട്ടിരിക്കുന്ന ഉപകരണം തയ്യാറാക്കിയിരിക്കുന്നത്.

ശരീരം തളർന്നുപോയവർക്കും മറ്റു സംസാരവൈകല്യങ്ങൾ ഉള്ളവർക്കും കണ്ണിന്റെ ചലനങ്ങൾകൊണ്ട് ആശയവിനിമയം സാധ്യമാക്കുന്ന വിധത്തിലാണ് പ്രവർത്തനം. ഉപകരണം കണ്ണിന്റെ



⊙ അമൃതയിലെ ഗവേഷകർ വികസിപ്പിച്ചെടുത്ത നേത്രവാദ് എന്ന ഉപകരണം

ചലനം വിശകലനംചെയ്ത് വാക്കുകളാക്കി സ്ക്രീനിൽ കാണിക്കുകയും സ്പീക്കറിലൂടെ പറയുകയും ചെയ്യുന്ന എഐ ആൽഗോരിതമാണ് ഉപയോഗിക്കുന്നത്.

കണ്ണിന്റെ ചലനങ്ങൾ വഴി ഇംഗ്ലിഷ് അക്ഷരമാലയും സംഖ്യകളും വ്യക്തമാക്കുകയും വാക്കുകളും വാക്യങ്ങളും രൂപവത്കരിച്ച് ആശയവിനിമയം സാധ്യമാക്കുകയും ചെയ്യുന്നു. ഇതിനു പുറമേ പ്രഡിക്റ്റീവ് ടെക്സ്റ്റ് സാങ്കേതികവിദ്യയും ഉപയോഗിക്കാൻ സാധ്യതയുള്ള വാക്കുകളുടെ പട്ടികയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭാരം കുറഞ്ഞതും ഉപയോക്തൃസൗഹൃദവുമായ ഈ ഉപകരണം ഇരിക്കുമ്പോഴും കിടക്കുമ്പോഴും യാത്ര ചെയ്യുമ്പോഴും ഉപയോഗിക്കാം. ക്യാമറ, മോണിറ്റർ, സ്പീക്കർ, കൺട്രോൾ പാനൽ, ചാർജ് ചെയ്ത് ഉപയോഗിക്കാവുന്ന ബാറ്ററി എന്നിവയടങ്ങുന്നതാണിത്.



⊙ ഡോ. രാജേഷ് കണ്ണൻ മേഘലിംഗം

നിലവിൽ ഇംഗ്ലിഷ്, മലയാളം, ഹിന്ദി എന്നീ ഭാഷകളിൽ മാത്രം ലഭ്യമാകുന്ന ഉപകരണം ഉടൻ തന്നെ മറ്റു പ്രാദേശിക ഭാഷകളിലും ലഭ്യമാകും. വിദേശ രാജ്യങ്ങളിൽ ലഭ്യമാകുന്ന ഉപകരണങ്ങളെക്കാൾ ചെലവ് കുറഞ്ഞതാണ്. ടിറ്റുഎച്ച് എന്ന സ്റ്റാർട്ടപ്പ് കമ്പനിയാണ് നേത്രവാദിന്റെ ഉത്പാദനം കൈകാര്യംചെയ്യുന്നത്.